# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് പത്തൊമ്പത്

## ഒന്നു മുതൽ നാലു വരെയുള്ള മുദ്രകൾ ക്രിസ്തുവിന്റെ ആരോഹണം മുതൽ ഈ യുഗത്തിന്റെ അവസാനം വരെയുള്ള ലോകചരിത്രം

Sat ഈ ദൂതിൽ നാം നാലു കുതിരകളോടും നാലു സവാരിക്കാരോടുംകൂടെയുള്ള ആദ്യത്തെ നാലു മുദ്രകളിലേക്കു വരുന്നു (6:1-8).

## I. ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ രഹസ്യം കുഞ്ഞാടിനാൽ തുറക്കപ്പെടുന്നു

വെളിപ്പാട് 6:1 പറയുന്നു, "പിന്നെ ഞാൻ കണ്ടത്, കുഞ്ഞാട് ഏഴു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ, നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ, വരിക എന്നു പറയുന്നത് ഞാൻ കേട്ടു." കുഞ്ഞാടിനാൽ ഏഴു മുദ്രകൾ തുറക്കപ്പെടുന്നത് സ്വർഗത്തിലേക്കുള്ള ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഉടനെ സംഭവിച്ചു. തന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ ഏഴു മുദ്രകളിൽ ഉള്ളടങ്ങിയിരിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ മർമം തുറക്കുവാൻ ക്രിസ്തു തന്റെ ആരോഹണത്തിൽ പൂർണ്ണമായി യോഗ്യതയുള്ളവനാണ്. ജീവികളെ സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥ ഏഴു മുദ്രകളിൽ ഉള്ളടങ്ങിയിരിക്കുന്നതുകൊണ്ട് ആദ്യത്തെ നാലു മുദ്രകൾ ഓരോന്നായി പൊട്ടിക്കുന്നതിനെ വിളംബരംചെയ്യുന്നതിൽ നാലു ജീവികൾ തൽപരരാണ്.

## II. ലോകചരിത്രത്തെ രചിക്കുന്ന നാലു കുതിരകളുടെ മത്സരയോട്ടം

നാലു കുതിരകളുടെ മത്സരയോട്ടത്തിലെ നാലു കുതിരകളും അവയുടെ സവാരിക്കാരും അടങ്ങുന്നതാണ് ആദ്യത്തെ നാലു മുദ്രകൾ. നാലു സവാരിക്കാരും യഥാർഥ വ്യക്തികളല്ല, പിന്നെയോ വ്യക്തിരൂപത്തിലുള്ള കാര്യങ്ങളാണ്. ചുവന്ന കുതിരയായ രണ്ടാമത്തെ കുതിരയുടെ സവാരിക്കാരൻ യുദ്ധമാണെന്നതും (വാ. 4), കറുത്ത കുതിരയായ മൂന്നാമത്തെ

കുതിരയുടെ സവാരിക്കാരൻ ക്ഷാമമാണെന്നതും (വാ. 5), മഞ്ഞക്കുതിരയായ നാലാമത്തെ കുതിരയുടെ സവാരിക്കാരൻ മരണമാണെന്നതും (വാ. 8) സ്പഷ്ടമാണ്. ചരിത്ര വസ്തുതക ളനുസരിച്ച്, വെള്ളക്കുതിരയായ ഒന്നാമത്തെ കുതിരയുടെ സവാരിക്കാരൻ സുവിശേഷമായിരിക്കണം; ചിലർ വ്യാഖ്യാ നിക്കുന്നതുപോലെ ക്രിസ്തുവോ എതിർക്രിസ്തുവോ അല്ല. ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഉടനെതന്നെ ഈ നാലു കാര്യങ്ങളും—സുവിശേഷവും, യുദ്ധവും, ക്ഷാമവും, മരണവും— നാലു കുതിരകളിന്മേലുള്ള സവാരിക്കാരെപ്പോലെ ഓടുവാൻ ആരംഭിച്ചു; അത് ക്രിസ്തു മടങ്ങിവരുന്നതുവരെ തുടരും. ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച്, ഈ ഇരുപതു നൂറ്റാണ്ടുകളിലായി സുവിശേഷം വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പംതന്നെ യുദ്ധവും മുന്നോട്ടുപോകുന്നു. യുദ്ധം എപ്പോഴും ക്ഷാമത്തിനു ഹേതുവാകുകയും, ക്ഷാമം മരണത്തിൽ പരിണമിക്കുകയും ചെയ്യുന്നു. ഇവയെല്ലാം ഈ യുഗത്തിന്റെ അവസാനംവരെ തുടരും.

## A. വെള്ളക്കുതിരയിലെ സവാരിക്കാരൻ

വെള്ളക്കുതിരയിലെ സവാരിക്കാരൻ സുവിശേഷപ്രഘോ ഷണമാണ്. ശുദ്ധവും, നിർമലവും, ന്യായവും, അംഗീകാര്യവും ആയതിനെ വെള്ള സൂചിപ്പിക്കുന്നു. ശുദ്ധവും, നിർമലവും, ന്യായവും, മനുഷ്യർക്കും ദൈവത്തിനും അംഗീകാര്യവുമായ സുവിശേഷപ്രഘോഷണത്തിന്റെ പ്രതീകമാണ് വെള്ളക്കുതിര.

വെള്ളക്കുതിരയിലെ സവാരിക്കാരൻ ക്രിസ്തുവാണെന്ന് ചിലരും, സവാരിക്കാരൻ എതിർക്രിസ്തുവാണെന്നു മറ്റുചിലരും പറഞ്ഞിട്ടുണ്ട്. വളരെ പഠനത്തിനുശേഷം, ഈ രണ്ടു ധാരണകളും ശരിയല്ലെന്ന് നാം മനസ്സിലാക്കി. വേദപുസ്തകം വ്യാഖ്യാനിക്കുന്നതിൽ നാം തത്ത്വത്തെ പിൻതുടരണം. ഇവിടത്തെ തത്ത്വം നാലു കുതിരകളി ന്മേലുമുള്ള സവാരിക്കാർ വ്യക്തികളല്ല, മറിച്ച് വ്യക്തിരൂപത്തിലുള്ള കാര്യങ്ങളാണ്. രണ്ടാമത്തെ കുതിരയുടെ സവാരിക്കാരൻ യുദ്ധവും, മൂന്നാമത്തേതിലെ സവാരിക്കാരൻ ദാരിദ്ര്യവും, നാലാമത്തേതിലെ സവാരിക്കാരൻ മരണവും ആണ്. ഇവരാരും വ്യക്തികളല്ല, എന്നാൽ വ്യക്തിരൂപത്തിലുള്ള കാര്യങ്ങളാണ്. ഈ തത്ത്വപ്രകാരം ഒന്നാമത്തെ കുതിരയിലെ സവാരിക്കാരനും വ്യക്തിരൂപത്തിലുള്ള ഒരു കാര്യമായിരിക്കണം. അതുകൊണ്ട്, സവാരിക്കാരൻ ക്രിസ്തുവോ എതിർക്രിസ്തുവോ ആയിരിക്കുവാൻ കഴിയുകയില്ല. തത്ത്വമനുസരിച്ച്, ഈ സവാരിക്കാരനും വ്യക്തിരൂ പത്തിലുള്ളതായിരിക്കണം. വളരെയേറെ വിചിന്തനത്തിനുശേഷം ഈ സവാരിക്കാരൻ സുവിശേഷപ്രഘോഷണമായിരിക്കണം എന്ന് ഞങ്ങൾ കണ്ടിരിക്കുന്നു.

### *1. യുദ്ധം ചെയ്തുകഴിഞ്ഞു എന്നു സൂചിപ്പിക്കുന്ന ഒരു വില്ലുണ്ട്*

വാക്യം 2 പറയുന്നു, "ഇതാ, ഒരു വെള്ളക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് ഒരു വില്ലുണ്ട്: അവന് ഒരു കിരീടവും നൽകി, അവൻ കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു." അമ്പോടുകൂടിയ വില്ല് യുദ്ധം ചെയ്യുവാനാണ്. എന്നാൽ ഇവിടെ അമ്പില്ലാതെ ഒരു വില്ലാണുള്ളത്. ഇതു സൂചിപ്പിക്കുന്നത് ശത്രുവിനെ നശിപ്പിക്കുന്നതിന് അമ്പ് നേരത്തെതന്നെ എയ്തുകഴിഞ്ഞു എന്നും, സമാധാനസുവിശേഷത്തിന്റെ സംരചനയ്ക്കുവേണ്ടി വിജയം വരിച്ചിരിക്കുന്നു എന്നുമാണ്. ഇപ്പോൾ പോരാട്ടം അവസാനിച്ചിരിക്കുകയും, സമാധാന സുവിശേഷം സമാധാനപരമായ രീതിയിൽ പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. ക്രൂശിൽവച്ച് ശത്രുവിന്റെ ഹൃദയത്തിലേക്ക് അമ്പ് എയ്യുകയും, യുദ്ധംചെയ്യുകയും, ജയംവരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, അമ്പില്ലാതെയുള്ള വില്ല് യുദ്ധം കഴിയുകയും, ജയം വരിക്കുകയും ചെയ്തിരിക്കുന്നു എന്നതിന്റെ ഒരു പ്രഖ്യാപനമാണ്.

### *2. സുവിശേഷത്തിന്റെ തേജസ്സിനെ സൂചിപ്പിക്കുന്ന കിരീടം നല്കിയിരിക്കുന്നു*

"അവന് ഒരു കിരീടവും നൽകി" എന്നും വാക്യം 2 പറയുന്നു. കിരീടം തേജസ്സിന്റെ ഒരു അടയാളമാണ്. സുവിശേഷം "ക്രിസ്തുവിന്റെ തേജസ്സിനാൽ" (2 കൊരി. 4:4) കിരീടംധരിക്കപ്പെട്ടിരിക്കുന്നു, അത് ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷം എന്നു വിളിക്കപ്പെടുന്നു. നാം പ്രസംഗിക്കുന്ന സുവിശേഷം ക്രിസ്തുവിന്റെ തേജസ്സിനാൽ കിരീടം ധരിച്ചിരിക്കുതാണ്. നാം കൃപയുടെ സുവിശേഷം മാത്രമല്ല, തേജസ്സിന്റെ സുവിശേഷവും പ്രസംഗിക്കുന്നു.

### *3. കീഴടക്കിക്കൊണ്ട് പുറപ്പെട്ടു*

വെള്ളക്കുതിരയിലെ സവാരിക്കാരൻ "കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു" എന്നും വാക്യം 2 പറയുന്നു. നൂറ്റാണ്ടുകളിലുടനീളം സുവിശേഷം വിളംബരം ചെയ്തിടത്തെല്ലാം അത് എല്ലാ തരത്തിലുമുള്ള എതിർപ്പിനെയും ആക്രമണത്തെയും കീഴടക്കുകയും ജയിക്കുകയും ചെയ്തിട്ടുണ്ട്; ഇന്നും കീഴടക്കിക്കൊണ്ടിരിക്കുന്നു. രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും കുതിരകളിലെ സവാരിക്കാർ കീഴടക്കിക്കൊണ്ട് പുറപ്പെട്ടതായി നമ്മോടു പറഞ്ഞിട്ടില്ല. സുവിശേഷപ്രസംഗം എന്ന ഒന്നാമത്തെ കുതിരയിലെ സവാരിക്കാരൻ മാത്രമാണ് തുടർച്ചയായി കീഴടക്കിക്കൊണ്ടിരിക്കുന്നത്. എവിടെയെല്ലാം സുവിശേഷപ്രസംഗം പോകുന്നുവോ അവിടെയെല്ലാം ഈ കീഴടക്കലും ഉണ്ട്.

## B. ചുവന്ന കുതിരയിലെ സവാരിക്കാരൻ

വാക്യം 3-ഉം 4-ഉം പറയുന്നു, "അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ, വരിക, എന്ന് രണ്ടാം ജീവി പറയുന്നത് ഞാൻ കേട്ടു. ഇതാ, ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടത് ഞാൻ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്, ഭൂമിയിൽനിന്ന് സമാധാനം എടുത്തുകളയുവാനും, മനുഷ്യർ അന്യോന്യം കൊല്ലുവാനും അധികാരം കൊടുത്തു; ഒരു വലിയ വാളും അവനു കൊടുത്തു." ഇവിടെ ചുവപ്പ് രക്തച്ചൊരിച്ചിലിനെ സൂചിപ്പിക്കുന്നു. അങ്ങനെ, ചുവന്ന കുതിര തികച്ചും രക്തച്ചൊരിച്ചിലിനെ സംബന്ധിക്കുന്ന വിഷയമായ തീവ്രയുദ്ധത്തിന്റെ പ്രതീകമാണ്. "ഭൂമിയിൽനിന്ന് സമാധാനം എടുത്തുകളയുവാൻ," "മനുഷ്യർ അന്യോന്യം കൊല്ലുവാൻ," "ഒരു വലിയ വാളും അവനു കൊടുത്തു" എന്നതെല്ലാം ഒരു യുദ്ധത്തെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന്റെ ആരോഹണംമുതൽ സുവിശേഷപ്രസംഗത്തിനു പിന്നാലെ യുദ്ധം പിൻതുടർന്നുവരുന്നു.

## C. കറുത്ത കുതിരയിലെ സവാരിക്കാരൻ

"അവൻ മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ, വരിക, എന്ന് മൂന്നാം ജീവിപറയുന്നത് ഞാൻ കേട്ടു. ഇതാ, ഒരു കറുത്ത കുതിരയെ ഞാൻ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കൈയിൽ ഒരു തുലാസ് ഉണ്ടായിരുന്നു. ഒരു ദിനാരിയോന് ഒരു ഹോനിക്ക് ഗോതമ്പ്, ഒരു ദിനാരിയോനു മൂന്ന് ഹോനിക്ക് യവം; എണ്ണയ്ക്കും വീഞ്ഞിനും ഹാനി വരുത്തരുത് എന്ന് നാലു ജീവികളുടെ മദ്ധ്യേ ഒരു ശബ്ദം എന്നപോലെ ഞാൻ കേട്ടു" എന്ന് 5-ഉം 6-ഉം വാക്യങ്ങൾ പറയുന്നു. ഇവിടെ മരണത്തെ സൂചിപ്പിക്കുന്ന കറുപ്പ്, (യിരെ. 14:1-4), പട്ടിണികിടക്കുന്ന ജനത്തിന്റെ മുഖവർണത്തെ സൂചിപ്പിക്കുന്നു (വിലാ. 4:8-9; 5:9-10). കറുത്ത കുതിര ക്ഷാമം പരക്കുന്നതിന്റെ പ്രതീകമാണ്; അത് കറുത്ത മുഖഭാവത്തിന് കാരണമാകുന്നു. തുലാസ് വിലയേറിയ സാധനങ്ങളുടെ ഭാരം തൂക്കിനോക്കുവാൻ ഉപയോഗിക്കുന്ന ഒന്നാണ്. എന്നാൽ ഇവിടെ അത് വാക്യം 6-ൽ പറഞ്ഞിരിക്കുന്നതുപോലെ ആഹാരം തൂക്കിനോക്കുവാൻ ഉപയോഗിക്കുന്നു, അങ്ങനെ ആഹാരത്തിന്റെ ദുർലഭത്തെ കാണിക്കുന്നു (ലേവ്യ. 26:26; യെഹെ. 4:16). എണ്ണയും വീഞ്ഞും മനുഷ്യന്റെ സന്തോഷത്തിനു വേണ്ടിയാണ് (സങ്കീ. 104:15). അവ എപ്പോഴും കുറവും ക്ഷാമത്തിൽ വിലയേറിയതായിത്തീരുകയും ചെയ്യുന്നു. ക്ഷാമത്തിന്റെ സമയത്ത് എണ്ണയും വീഞ്ഞും സൂക്ഷിക്കുകയും കേടുവരുത്താതിരിക്കുകയും വേണം. ക്ഷാമം എപ്പോഴും യുദ്ധത്തെ പിൻതുടരുന്നു, കാരണം യുദ്ധം ആഹാരം ദുർലഭമാകുവാൻ ഇടയാക്കുന്നു. ഇന്ന് മറ്റൊരു യുദ്ധം ഉണ്ടായിരുന്നുവെങ്കിൽ, ലോകത്തിൽ ഭക്ഷണദൗർലഭ്യം ഉണ്ടാകുമായിരുന്നു.

## D. മഞ്ഞക്കുതിരയിലെ സവാരിക്കാരൻ

വാക്യം 7-ഉം 8-ഉം പറയുന്നു, " അവൻ നാലാം മുദ്ര പൊട്ടിച്ചപ്പോൾ, വരിക എന്ന് നാലാം ജീവി പറയുന്ന ശബ്ദം ഞാൻ കേട്ടു. ഇതാ, ഒരു മഞ്ഞക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു. അവർക്ക് വാൾകൊണ്ടും ക്ഷാമംകൊണ്ടും മരണംകൊണ്ടും ഭൂമിയിലെ വന്യമൃഗങ്ങളെക്കൊണ്ടും കൊല്ലുവാൻ ഭൂമിയുടെ നാലാം ഭാഗത്തിന്മേൽ അധികാരം നൽകി." നാലാമത്തെ കുതിരയിലെ സവാരിക്കാരൻ മരണമാണെന്ന് വ്യക്തമായി തിരിച്ചറിയുന്നു. *മഞ്ഞ* എന്നു വിവർത്തനം ചെയ്തിരിക്കുന്ന പദത്തെ മഹാമാരിയാൽ പിടിക്കപ്പെട്ടവരുടെ മുഖവർണത്തെ സൂചിപ്പിക്കുന്ന *വിളറിയ പച്ച* എന്നും വിവർത്തനം ചെയ്യാം. അങ്ങനെ, വിളറിയ മുഖഭാവത്തിന് കാരണമാകുന്ന മരണത്താലുള്ള കൊല്ലലിന്റെ പ്രതീകമാണ് മഞ്ഞക്കുതിര. വെള്ളസിംഹാസനത്തിലെ ന്യായവിധിക്കുവേണ്ടി ഉയിർപ്പിക്കുന്നതിനുമുമ്പ് രക്ഷിക്കപ്പെടാത്ത മരിച്ചവരുടെ ദേഹികളെ സൂക്ഷിക്കുന്ന ഭൂമിക്കു കീഴിലുള്ള ഒരു ഇടമാണ് പാതാളം (20:11-15). ഈ ന്യായവിധിക്കുശേഷം രക്ഷിക്കപ്പെടാത്തവരെ നിത്യതയോളം തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. പാതാളത്തെ ഒരു താൽക്കാലിക തടവറയോടും, തീപ്പൊയ്കയെ സ്ഥിരമായ ഒരു കാരാഗൃഹത്തോടും ഉപമിക്കാം. ഇവിടെ മരണം കൊല്ലുന്നവരെ സ്വീകരിക്കുവാൻ, പാതാളം മരണത്തെ പിൻതുടരുന്നു. വാക്യം 8-ൽ പറഞ്ഞിരിക്കുന്ന വന്യമൃഗങ്ങളാൽ കൊല്ലപ്പെടുന്നത് ദൈവത്തിന്റെ ന്യായവിധിയാണ് (2 രാജാ. 2:24; 17:25; സംഖ്യ. 21:6; പുറ. 23:28; യോശു. 24:12).

ഈ നാലു മുദ്രകളിൽ സുവിശേഷപ്രസംഗം, യുദ്ധം, ക്ഷാമം, മരണം എന്നിവയെ നാം കാണുന്നു. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിൽ ഈ നാലു കാര്യങ്ങളും മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തിയിരിക്കുന്നു. ഈ സമയത്ത് സംഭവിച്ച മറ്റെന്തിനെയും ഈ നാലു കാര്യങ്ങളിൽ ഉൾപ്പെടുത്തുവാൻ കഴിയും. ക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത ഉടനെ സുവിശേഷപ്രസംഗം ആരംഭിച്ചു. വെള്ളക്കുതിര മത്സരയോട്ടം ഓടുവാൻ തുടങ്ങി, ഈ കുതിരയിലെ സവാരിക്കാരൻ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷമായിരുന്നു. A.D. 70-ൽ റോമിലെ പ്രഭുവായ തീത്തോസ് തന്റെ സൈന്യത്തോടുകൂടെ യെരൂശലേമിനെ നശിപ്പിച്ചു. അപ്പോൾ മുതൽ, നൂറ്റാണ്ടുകളുടനീളം, ഒന്നിനുപുറകെ മറ്റൊന്നായി യുദ്ധം ഉണ്ടായിട്ടുണ്ട്. യുദ്ധത്തെ പിൻതുടർന്ന്, ക്ഷാമം ഉണ്ടായിരിക്കുകയും, ക്ഷാമം രോഗത്തിനും മരണത്തിനും ഇടയാക്കുകയും ചെയ്തു. തന്മൂലം, കഴിഞ്ഞ

രണ്ടായിരം വർഷത്തിന്റെ ചരിത്രത്തിൽ സുവിശേഷപ്രസംഗവും, യുദ്ധവും, ക്ഷാമവും മരണവും അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. ഇതാണ് ലോകചരിത്രം പഠിക്കുവാനുള്ള മാർഗം.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനം എഴുതപ്പെട്ട വെളിപ്പാട് പുസ്തകം വരാനിരിക്കുന്ന കാര്യങ്ങളുടെ ഒരു പ്രവചനമാണ്. ചിലർ പറയുന്നതുപോലെ, വെള്ളക്കുതിരയിന്മേലുള്ള സവാരിക്കാരൻ ക്രിസ്തുവോ എതിർക്രിസ്തുവോ ആയിരുന്നെങ്കിൽ, നാലു മുദ്രകളും ഭാവിയെ പരാമർശിക്കുമായിരുന്നു. അങ്ങനെയാണെങ്കിൽ, കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളെക്കുറിച്ച് യാതൊരു പ്രവചനവും ഉണ്ടായിരിക്കുകയില്ല. ഒന്നാം നൂറ്റാണ്ടുമുതൽ എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയോ ക്രിസ്തുവിന്റെ മടങ്ങിവരവോ വരെയുള്ള കഴിഞ്ഞ രണ്ടായിരം വർഷത്തെ ചരിത്രത്തിലെ യാതൊന്നും അതു കാണിക്കാത്തതുകൊണ്ട്, ഈ പുസ്തകത്തിലെ പ്രവചനം പൂർണ്ണമല്ലെന്ന് ഇതു സൂചിപ്പിക്കും. തത്ത്വത്തിൽ, ഈ പുസ്തകത്തിലെ പ്രവചനത്തിൽ, ഇത്ര വലിയൊരു വിടവ് ഉണ്ടായിരിക്കുവാൻ പാടില്ല. അതുകൊണ്ട്, ഈ തത്ത്വത്തെ അടിസ്ഥാനമാക്കി ഈ നാലു മുദ്രകളും ക്രിസ്തുവിന്റെ ആരോഹണംമുതൽ ഈ യുഗത്തിന്റെ അന്ത്യംവരെയുള്ള ലോകത്തിന്റെ ഒരു ചരിത്രമായിരിക്കണം.

നാം കേവലം ഉപദേശത്തെ മാത്രം ശ്രദ്ധിക്കരുത്; നാം ചരിത്രത്തിനും അനുഭവത്തിനും ശ്രദ്ധനല്കണം. ചരിത്രം അനുഭവമാണ്. നാം പ്രവചനത്തെ ചരിത്രത്തോടു പ്രയോഗിക്കണം. നാം ഇതു ചെയ്യുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ആരോഹണം മുതൽ സുവിശേഷപ്രസംഗം, യുദ്ധം, ക്ഷാമം, മരണം എന്നവയുടെ ഇടയിൽ നാലു കുതിരകളുടെ ഒരു മത്സരയോട്ടം ഉണ്ടായിരുന്നു എന്നു നാം ഉടനടി മനസ്സിലാക്കും. ഇന്ന് മുഴുവൻ ലോകവും യുദ്ധത്തിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്രസഭയിലെ നയതന്ത്രജ്ഞർപോലും അതിനുവേണ്ടി തയ്യാറായിക്കൊണ്ടിരിക്കുന്നു. അവർ തമ്മിൽതമ്മിൽ പോരാടിക്കൊണ്ടിരിക്കുമ്പോൾ നാം സുവിശേഷപ്രസംഗം തുടരുന്നു, കാരണം സുവിശേഷമാണ് നയിച്ചുകൊണ്ടിരിക്കുന്ന കുതിരപ്പുറത്തുള്ളത്. ഉദാഹരണത്തിന്, കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ചൈനയിലേക്ക് ആദ്യം പോയത് യുദ്ധമായിരുന്നില്ല, സുവിശേഷമായിരുന്നു. സുവിശേഷപ്രസംഗത്തിനു പിന്നാലെ യുദ്ധവും, ക്ഷാമവും, മരണവും പിന്തുടർന്നു. ഇതായിരുന്നു കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലെ ലോകചരിത്രത്തിന്റെ ഗതി.

Mon ക്രിസ്തു ഈ നാലു മുദ്രകളും തുറന്നപ്പോൾ നാലു കുതിരകളുടെ ഓട്ടമത്സരം വെളിപ്പെട്ടു. കേവലം നിങ്ങളുടെ ചിന്താഗതിയനുസരിച്ച് വേദപുസ്തകത്തിലെ പ്രവചനം മനസ്സിലാക്കുവാൻ ശ്രമിക്കരുത്. നാം അനുഭവത്തെ ശ്രദ്ധിക്കണം. വേദപുസ്തകത്തിലെ

പ്രവചനം മനസ്സിലാക്കുന്നതിന് നാം ചരിത്രം ശ്രദ്ധിക്കണം, കാരണം പ്രവചനങ്ങൾ വരാനിരിക്കുന്ന കാര്യങ്ങളെ മുൻകൂട്ടി പറയുന്നതാണ്. കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളിൽ എന്താണ് സംഭവിച്ചത്? നാലു കാര്യങ്ങൾ—സുവിശേഷപ്രസംഗവും, യുദ്ധവും, ക്ഷാമവും, മരണവും.

തന്റെ ജഡാവതാരത്തിനുശേഷം ക്രിസ്തു ക്രൂശുമരണത്തിലൂടെ വീണ്ടെടുപ്പ് നിവർത്തിക്കുകയും, പുനരുത്ഥാനത്തിലേക്ക് പ്രവേശിക്കുകയും, സ്വർഗത്തിലേക്ക് ആരോഹണംചെയ്യുകയും ചെയ്തു. ഒരു മനുഷ്യചരിത്രവും ഇങ്ങനെയുള്ള ഒരു വിവരണം നല്കുന്നില്ല. എന്നാൽ ഇതാണ് നിർവ്യാജമായ ലോകചരിത്രം. ഞാൻ ചരിത്രം പഠിച്ചപ്പോൾ, എന്നെ പഠിപ്പിച്ച ലോകചരിത്രത്തിൽ ഒരു വലിയ കുറവുണ്ടായിരുന്നുവെന്ന് ഞാൻ കണ്ടെത്തി—അതിൽ ജഡാവതാരവും, ക്രൂശുമരണവും, പുനരുത്ഥാനവും, ആരോഹണവും ഇല്ലായിരുന്നു. ഈ നാലു കാര്യങ്ങളെയും ലോകത്തിന്റെ ചരിത്രത്തിൽനിന്നും നിങ്ങൾ എടുത്തുകളഞ്ഞുവെങ്കിൽ, ഏതുതരം ലോകമായിരിക്കും നമുക്ക് ഉണ്ടായിരിക്കുന്നത്? ദൈവത്തിന്റെ ചരിത്രരേഖയിൽ, ഈ നാലു കാര്യങ്ങൾ നിർണ്ണായകമാണ്. ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ലോകചരിത്രത്തിന്റെ മുഴുവൻ ഗതിയും മാറി. ദൈവത്തിന്റെ വ്യവസ്ഥ തുറന്നതിലൂടെ ക്രിസ്തു കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളിലുള്ള മനുഷ്യവർഗത്തിന്റെ ചരിത്രം എഴുതിയിരിക്കുന്നു.

നിർമല വചനത്തിൽ നാം ശരിയായ മനുഷ്യചരിത്രം കാണുന്നു. വചനത്തിലുള്ള ഈ ചരിത്രരേഖ ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നു. ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷവും അവന്റെ മടങ്ങിവരവിനുമുമ്പും ലോകത്തിന്റെ ഒരു ചരിത്രം ഉണ്ട്. ഈ ചരിത്രത്തെ നാലു കുതിരകളുടെ മത്സരയോട്ടത്തിൽ സംഗ്രഹിച്ചിരിക്കുന്നു. നാം കണ്ടതുപോലെ ഒന്നാമത്തെ കുതിരയിന്മേലുള്ള സവാരിക്കാരൻ സുവിശേഷപ്രസംഗമാണ്. ദൈവത്തിന്റെ വ്യവസ്ഥ തന്റെ നിത്യോദ്ദേശ്യം നിവർത്തിക്കുന്ന സുവിശേഷപ്രസംഗിത്തിനു വേണ്ടിയല്ലാതെ മറ്റൊന്നിനുമല്ല. സുവിശേഷപ്രസംഗം എവിടെനിന്നു വരുന്നു? അത് ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം, ആരോഹണം എന്നിവയിൽനിന്നു വരുന്നു. ഈ നാലു കാര്യങ്ങളാണ് സുവിശേഷത്തിന്റെ സ്രോതസ്സ്. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലെ ചരിത്രം സുവിശേഷപ്രസംഗത്തിനു വേണ്ടിയായിരിക്കുന്നു. ഇതാണ് ദൈവത്തിന്റെ ജ്ഞാനം. നാലു കുതിരകളുടെ മത്സരയോട്ടത്തിൽ സുവിശേഷപ്രസംഗം നേതൃത്വമെടുക്കുന്നു. നമ്മുടെ തലമുറ എന്തിനുവേണ്ടിയാണ്? അത് സുവിശേഷപ്രസംഗത്തിനു വേണ്ടിയാണ്. സുവിശേഷപ്രസംഗം ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനു വേണ്ടിയാണ്. സഭ

എങ്ങനെ ഉളവാക്കപ്പെടും? സുവിശേഷപ്രസംഗിത്തിലൂടെ മാത്രം. പുതിയ യെരൂശലേം എങ്ങനെ നിലവിൽ വരും? സുവിശേഷപ്രസംഗിത്തിലൂടെ മാത്രം.

യുദ്ധം, ക്ഷാമം, മരണം എന്നീ മൂന്നു പ്രതിലോമ കാര്യങ്ങൾ സുവിശേഷപ്രസംഗത്തെ മുന്നേറുവാൻ സഹായിക്കുന്നു. ഒരു ഓട്ടമത്സരത്തിലെ ഓട്ടക്കാരൻ ഒറ്റയ്ക്കോടുമ്പോൾ, മറ്റുള്ളവർ തന്നോടുകൂടെ ഓടുമ്പോൾ ഓടുന്ന വേഗത്തിൽ ഓടുന്നില്ല. യുദ്ധവും, ക്ഷാമവും, മരണവും ഭയാനകമായ കാര്യങ്ങളാണെങ്കിലും, അവ സുവിശേഷപ്രസംഗത്തിനു വേഗംകൂട്ടുന്നു. ചൈനയിലെ ആരംഭ നാളുകളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കുവാൻ പ്രയാസമായിരുന്നു. എന്താണ് വാതിൽ തുറന്നതെന്ന് നിങ്ങൾക്കറിയാമോ? അത് യുദ്ധമായിരുന്നു. വാതിൽ തുറക്കപ്പെട്ടത് ആഭ്യന്തരയുദ്ധത്താൽ മാത്രമല്ല, ചൈനയിലേക്കുള്ള ജപ്പാൻകാരുടെ കടന്നുകയറ്റത്താൽ തുടങ്ങിയ അന്താരാഷ്ട്ര യുദ്ധത്താലും ആയിരുന്നു. ചൈനയും ജപ്പാനും തമ്മിലുള്ള അവസാനത്തെ യുദ്ധത്തിനുശേഷം ആയിരക്കണക്കിന് ചൈനക്കാർ രക്ഷിക്കപ്പെട്ടു. അതുകൂടാതെ, 1940-കളിലുള്ള ആഭ്യന്തര യുദ്ധത്തിലൂടെ അനേകം ചൈനക്കാർ ചൈനാ വൻകരയിൽനിന്നും തായ്‌വാനിലേക്ക് പോകുകയും അവരിൽ ആയിരക്കണക്കിനാളുകൾ രക്ഷിക്കപ്പെടുകയും ചെയ്തു. അവർ വൻകരയിൽ തങ്ങിയിരുന്നുവെങ്കിൽ ഒരിക്കലും കർത്താവായ യേശുവിൽ വിശ്വസിക്കുമായിരുന്നില്ല. എന്നാൽ തായ്‌വാൻ ദ്വീപിലേക്ക് കുടിയേറുവാൻ നിർബന്ധിതരായി ത്തീർന്നതുകാണ്ട്, ആയിരക്കണക്കിനാളുകൾ 1949, 1950 എന്നീ വർഷങ്ങളിൽ രക്ഷയ്ക്കുവേണ്ടി സഭകളിലേക്ക് പ്രവഹിച്ചു. ആ വർഷങ്ങളിൽ ഓരോ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് ഞങ്ങൾ പാർക്കിൽ സുവിശേഷം പ്രസംഗിച്ചു. ഓരോ ഞായറാഴ്ചയും ഏകദേശം മൂവായിരം ആളുകൾ സുവിശേഷപ്രസംഗം കേട്ടു. അനേകർ രക്ഷിക്കപ്പെടുകയും, ഒടുവിൽ അവരിൽ ചിലർ തായ്‌വാനിലെ സഭകളിൽ മൂപ്പന്മാരും സഭാസേവകരും, കർത്താവിന്റെ വേലയിൽ കൂട്ടുവേലക്കാരും ആയിത്തീർന്നു. യുദ്ധം അവരെ സുവിശേഷത്തിലേക്കു കൊണ്ടുവന്നു. അതുകൊണ്ട്, യുദ്ധം സുവിശേഷപ്രസംഗത്തിന്റെ ഒരു നല്ല സഹായി ആയിരുന്നു, ഇപ്പോഴും ആകുന്നു.

ദൈവത്തിന്റെ ജ്ഞാനം ഈ യുഗത്തെ, ക്രിസ്തുവിന്റെ ആരോഹണംമുതൽ അവന്റെ മടങ്ങിവരവു വരെയുള്ള യുഗത്തെ, സുവിശേഷപ്രസംഗത്തിന്റെ യുഗം ആക്കുന്നതാണ്. ഇന്ന് ഭൂമിയിലുള്ള സകലതും സുവിശേഷപ്രസംഗത്തിനുവേണ്ടിയാണ്. ഫാക്ടറികളും, അച്ചടിയും, വിമാനങ്ങളും, റേഡിയോയും, ടെലിവിഷനും, ആണവായുധങ്ങൾപോലും സുവിശേഷം

പ്രസംഗിക്കുന്നതിനു വേണ്ടിയാണ്. ഇത് സുവിശേഷപ്രസംഗത്തിന്റെ യുഗമാണ്. ക്രിസ്തുവിന്റെ ആരോഹണംമുതലുള്ള ലോകത്തിന്റെ ചരിത്രം സുവിശേഷപ്രസംഗത്തിന്റെ ചരിത്രമാണ്. എന്താണ് നാം ഇന്നു ചെയ്യുന്നത്? നാം സുവിശേഷം പ്രസംഗിക്കുന്നു. നാം ഭാഗികമായ ഒരു സുവിശേഷമല്ല പ്രസംഗിക്കുന്നത്, പിന്നെയോ മുഴുവനായ, പൂർണ്ണമായ, ഒരു സമ്പൂർണ്ണസുവിശേഷമാണ്. സമ്പൂർണ്ണസുവിശേഷത്തിൽ സഭാജീവിതവും, രാജ്യവും, പുതിയ യെരൂശലേംപോലും ഉൾപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ മനസ്സിലാക്കുന്നുവോ? സമ്പൂർണ്ണസുവിശേഷത്തിൽ മത്തായി മുതൽ വെളിപ്പാടുവരെയുള്ള സകലതും ഉൾക്കൊള്ളുന്നു. ഈ നാളുകളിൽ നാം സമ്പൂർണ്ണ സുവിശേഷം, ഇന്നത്തെ സഭയും, വരുവാനുള്ള യുഗത്തിലെ രാജ്യവും, നിത്യതയിലെ പുതിയ യെരൂശലേമും ഉൾപ്പെടുന്ന സുവിശേഷം പ്രസംഗിക്കുന്നു. നമുക്കെതിരായുള്ള എതിർപ്പുൾപ്പെടെ ഇന്നു സംഭവിക്കുന്നതെന്തും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ഒരു സഹായമാണ്. ഇതാണ് നാലു മുദ്രകളുടെ ദർശനം. ആകാശത്തിന്റെ പരിമിതമായ കാഴ്ചയുള്ള ഇടുങ്ങിയ കിണറിനുള്ളിലെ ഒരു തവളയെപ്പോലെ നാം ആയിരിക്കരുത്. മറിച്ച്, ആദ്യത്തെ നാലു മുദ്രകളുടെ പ്രാധാന്യം കാണുവാനുള്ള ആകമാന ദർശനം നമുക്കുണ്ടായിരിക്കണം. ഒരു കിണറിനുള്ളിലെ തവളയുടെ കാഴ്ച ഉണ്ടായിരിക്കുന്നതിനുപകരം നമുക്ക് ഒരു പക്ഷിയുടെ വിഹഗവീക്ഷണം ഉണ്ടായിരിക്കണം. ഒന്നാമത്തെ കുതിരയിലെ സവാരിക്കാരൻ ക്രിസ്തുവോ എതിർക്രിസ്തുവോ അല്ല; അത് ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രസംഗമാണ്. ഇതാണ് ഈ യുഗത്തിന്റെ നിർണ്ണായക ഘടകം; മറ്റു മൂന്നു കുതിരകൾ ഈ കുതിരയെ ഓട്ടം ഓടുവാൻ സഹായിക്കുന്നു. നാം അവസാനത്തെ മൂന്നു കുതിരകളുടെ സവാരിക്കാരോടുകൂടെയല്ല; നാം ഒന്നാമത്തെ കുതിരയുടെ സവാരിക്കാരനോടുകൂടെയാണ്. നമുക്ക് അമ്പില്ലാത്ത ഒരു വില്ലുണ്ട്, കാരണം നാം സമാധാനസുവിശേഷത്തെ, സമാധാനപരമായ രീതിയിൽ ജയം വരിച്ചിരിക്കുന്ന സുവിശേഷത്തെ, പ്രസംഗിക്കുന്നു. ഹല്ലേലൂയ്യാ, മഹത്വകരമായ ഈ സവിശേഷപ്രസംഗം ഭൂമിയിലുടനീളം സവാരി ചെയ്തുകൊണ്ടിരിക്കുന്നു. നാം ഒന്നാമത്തെ കുതിരയുടെമേൽ ആയിരിക്കുന്നതിനായി കർത്താവിനു സ്തോത്രം!